(സി) പുതുതായി താഴെപ്പറയുന്ന വിഭാഗങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത ആഭരണ നിർമ്മാണ തൊഴിലാളികൾ, ഓട്ടുകമ്പനിത്തൊഴിലാളികൾ, ഓട്ടോ മൊബൈൽ റിപ്പയറിംഗ് തൊഴിലാളികൾ, സ്ക്കൂൾ ശുചീകരണ- പാചകത്തൊഴിലാളികൾ, ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ഇ.പി.എഫ്. പെൻഷൻകാർ, നിർമ്മാണ തൊഴിലാളികൾ, കള്ളുചെത്തു തൊഴിലാളികൾ, വികലാംഗർ, പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ, കരകൗശല രംഗത്തെ തൊഴിലാളികൾ, കശുവണ്ടിതോട്ടം തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, സർക്കാരിതര ഖാദി ജീവനക്കാർ, ക്ഷീരകർഷകർ, പെയിന്റിംഗ് തൊഴിലാളികൾ, വൃദ്ധ ജനങ്ങൾ, പേപ്പർ വ്യവസായം (കൈത്തൊഴിൽ), മദ്രസ അദ്ധ്യാപകർ

(ഡി) പ്രതിവർഷം 454 കോടി രൂപ ഇതിനായി ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെട്ടിക്കുറച്ച റേഷൻ പുനഃസ്ഥാപിക്കാനും കൂടുതൽ റേഷൻ വിഹിതം അനുവദിക്കുന്നതിനുമായി ഭക്ഷ്യമന്ത്രിയുടെ നേതൃത്വത്തിൽ അനേകം നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷിസംഘം കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ ധർണ്ണ നടത്തുകയും ചെയ്തു. ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യ സഹമന്ത്രിയുമായി സംസ്ഥാന ഭക്ഷ്യമന്ത്രി ചർച്ച നടത്തുകയും അദ്ദേഹത്തിനു നിവേദനം നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി റേഷൻ വിഹിതം പൂർണ്ണമായി പുനഃസ്ഥാപിച്ചില്ലെങ്കിലും അഡീഷണൽ/അഡ്ഹോക് അലോട്ട്മെന്റായി ഭക്ഷ്യധാന്യങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

ട്രഷറി വകുപ്പിന്റെ നവീകരണം

5 (*5) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി വകുപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ട്രഷറി കോർബാങ്കിംഗ് സമ്പ്രദായം കൊണ്ടുവരുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) ശമ്പളവും പെൻഷനും എ.ടി.എം. കാർഡ് മുഖേന ലഭ്യമാക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ഡി) ട്രഷറികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ട്രഷറികളുടെ നിക്ഷേപ സമാഹരണം നടത്തുന്നതിന് ആകർഷകമായ പദ്ധതികൾ ആവിഷ്കരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) പൗരാവകാശരേഖയുടേയും, ട്രഷറി സോഷ്യൽ ഓഡിറ്റിന്റേയും തുടർന്നുള്ള ജൂറി ചെയർമാൻമാരുടെ കോൺഫറൻസിലെ ശുപാർശകളുടേയും അടിസ്ഥാനത്തിൽ ട്രഷറികളിൽ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കോർഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം (CFMS) നടപ്പിലാക്കുന്നതാണ്. സംസ്ഥാന ധനകാര്യ വകുപ്പ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ഏജൻസി ബാങ്കുകൾ, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, മറ്റ് വകുപ്പുകൾ എന്നിവയുമായി ട്രഷറി കമ്പ്യൂട്ടർ സിസ്റ്റം ഇന്റഗ്രേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. സി.ബി.എസ്സും, സി.എഫ്.എം.എസ്.-ഉം കൂടിച്ചേരുന്ന ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ട് (ITMP) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)

ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ള കെട്ടിടങ്ങളുടെ പരിഷ്കരണവും ഉപകരണങ്ങളുടെ വിതരണവും ഉൾപ്പെടുന്ന 'നവീകരണ ട്രഷറി 2010' എന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി നടത്തിപ്പിനായി 14-12-2009-ലെ ജി.ഒ(പി)നമ്പർ 558/09/Fin സർക്കാർ ഉത്തരവ് പ്രകാരം ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ് (INKEL)-നെ ഏൽപ്പിച്ചിട്ടുണ്ട്.

ട്രെയിനിംഗ്

ഒരു പൊതുജന സമ്പർക്ക വകുപ്പെന്ന നിലയിൽ ജീവനക്കാരുടെ ട്രെയിനിംഗ് വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഐ.എം.ജിയുമായി ചേർന്ന് (State Training Policy) യുടെ ഭാഗമായി എല്ലാ ജീവനക്കാർക്കും ഇത് നടപ്പിലാക്കി വരുന്നു. കൂടാതെ സ്പാർക്ക്, ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റുമായി ചേർന്ന് റ്റി.ഡി.എസ്, ലോക്കൽ ബോഡികളുടെ പേമെന്റ് എന്നിവ സംബന്ധിച്ചും ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

ട്രഷറി സേവിംഗ്സ് ബാങ്ക്

മുഴുവൻ പെൻഷൻകാരെയും പി.റ്റി.എസ്.ബിയിൽ ചേർത്തു പെൻഷൻ വിതരണം നടത്തുന്ന ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഈ സംവിധാനത്തിനു ശേഷവും മണിഓർഡർവഴിയുള്ള പെൻഷൻ നിലനിർത്തിപ്പോരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ഗസറ്റഡ് ഓഫീസർമാരുടെയും ശമ്പളം ട്രഷറി സേവിംഗ്സ് ബാങ്കുവഴി നൽകാനുള്ള നടപടിയും പൂർത്തിയാക്കി കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഇതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) പൗരാവകാശ രേഖയുടേയും ട്രഷറി സോഫ്റ്റ്വെയർ ഓഡിറ്റിന്റേയും തുടർന്നുള്ള ജൂറി ചെയർമാൻമാരുടെ കോൺഫറൻസിലെ ശുപാർശകളുടേയും അടിസ്ഥാനത്തിൽ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനം (TIDP) സർക്കാർ മുന്തിയ പരിഗണന നൽകുന്ന ഒരു പദ്ധതിയാണ്. ഇതിന്റെ വിശദാംശങ്ങൾ ഉത്തരം (എ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) മെച്ചപ്പെട്ട പലിശ നിരക്ക്, 55 വയസ്സ് പൂർത്തിയാകുന്നവരെ മുതിർന്ന പൗരനായി കണക്കാക്കി അരശതമാനം അധികം പലിശ, പലിശ പ്രതിമാസം ലഭിക്കുന്നതിനുള്ള സൗകര്യം, ആവശ്യാനുസരണം പണം പിൻവലിക്കുന്നതിനുള്ള സൗകര്യം, മെച്ചപ്പെട്ടസേവനം എന്നിവ ഉറപ്പു നൽകുന്നു.

കൊച്ചിയിലെ നിർദ്ദിഷ്ട സ്മാർട്ട്സിറ്റി പദ്ധതി

6 (*6) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. കെ. ബാബു :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ നിർദ്ദിഷ്ട സ്മാർട്ട്സിറ്റി പദ്ധതി ഈ സർക്കാരിന്റെ കാലാവധി അവസാനിക്കും മുമ്പ് യാഥാർത്ഥ്യമാക്കാൻ ആകുമോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(സി) 90,000 പേർക്ക് തൊഴിൽ നൽകാൻ വിഭാവന ചെയ്തിരുന്ന ഈ പദ്ധതിക്ക് പകരമായി മറ്റെന്ത് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ സർക്കാരിന്റെ കാലാവധി അവസാനിക്കും മുമ്പ് അത്തരം ബദൽ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ അതിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള സമയക്രമീകരണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ&ബി) യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമം നടത്തി വരുന്നു. സ്മാർട്ട് സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവന്ന സന്ദർഭത്തിൽ സ്മാർട്ട്സിറ്റി ടീകോം പ്രതിനിധികൾ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ

LIBRARY ARCHIVES Kerala Legislative Assembly